# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>റോഡ് സേഫ്റ്റി അതോറിറ്റി</u>

6691 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന്റെ കീഴിലുള്ള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) റോഡ് സേഫ്റ്റി അതോറിറ്റിയുടെ മേധാവി ആരാണ്; ഇപ്പോൾ ആരാണ് പ്രസ്തുത ചുമതലയിലുള്ളത്;

(സി) റോഡ് സേഫ്റ്റി അതോറിറ്റിയിൽ എത്ര ഉദ്യോഗസ്ഥരുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം</u>

6692 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിൽ പദ്ധതികളുണ്ടോ;എങ്കിൽ എന്തെല്ലാം;

(ബി) ആയത് നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

സ്കൂൾ വാഹനങ്ങളുടെ അപകടം തടയാൻ നടപടി

6693 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുമായി പോകുന്ന വാഹനങ്ങൾ അപകടങ്ങളിൽപ്പെടാതിരിക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് സ്കൂൾ അധികൃതർക്ക് നൽകിയിട്ടുളളത്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സ്കൂൾ കുട്ടികളെ കുത്തിനിറച്ച് ഓട്ടോറിക്ഷകളും വാനുകളും ഓടുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) തുടരെതുടരെ ഉണ്ടാകുന്ന സ്കൂൾ വാഹന അപകടങ്ങൾ ഒഴിവാക്കാൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങൾ കുറക്കാൻ നടപടി</u>

6694 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ വർദ്ധിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഉദ്യോഗസ്ഥരുടെ കുറവ് അപകടമൊഴിവാക്കുന്നതിന് തടസ്സമാകാറുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

**'അതീവ സുരക്ഷാ നമ്പർ പ്ലേറ്റുകൾ'**

6695 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അതീവ സുരക്ഷാ നമ്പർ പ്ലേറ്റുകൾ' പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന് ആവശ്യമായ ചെലവുകൾ ആരാണ് വഹിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) വാഹനമുടമകൾ ഇക്കാര്യത്തിനായി എന്തെങ്കിലും ചെലവ് വഹിക്കേണ്ടി വരുമോ എന്നറിയിക്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ അന്തർ സംസ്ഥാന ഗതാഗത കരാർ

6696 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ അന്തർസംസ്ഥാന ഗതാഗത കരാറിന്റെ കാലാവധി എത്രയാണ്;

(ബി) നിലവിലെ കരാർ കാലാവധി പൂർത്തിയാകാറായോ;

(സി) പുതിയ കരാർ എന്ന് നടപ്പിലാക്കാനാകും;

(ഡി) ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന ബസ് സർവ്വീസ് തുടങ്ങുന്നതിന് നടപടി</u>

6697 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് നിലപാട് വിശദമാക്കുമോ ;

(ബി) കൽപ്പറ്റ കെ.എസ്.ആർ.ടി. സി. ഡിപ്പോയിൽ നിന്ന് കോയമ്പത്തൂർക്ക് ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. യുടെ കൽപ്പറ്റ ഡിപ്പോയിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

കേരള-കര്‍ണ്ണാടക അതിര്‍ത്തിയില്‍ രാത്രി യാത്ര നിരോധനം

T6698 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള-കര്‍ണ്ണാടക അതിര്‍ത്തിയിലൂടെയുള്ള രാത്രി യാത്ര നിരോധനം പിന്‍വലിക്കുന്നതിന് ഏര്‍പ്പെടുത്തിയ നടപടികള്‍ വെളിപ്പെടുത്തുമോ;

(ബി) ഇതുമൂലം പൊതുജനങ്ങള്‍ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(സി) രാത്രിയാത്ര നിരോധനത്തിന്റെ മറവില്‍ യാത്രക്കാരെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതിനെതിരെ എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പുതിയ ബസ്സുകൾ അനുവദിച്ചു നൽകുവാൻ സ്വീകരിച്ച നടപടികൾ</u>

6699 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പുതിയ ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ ബസ്സുകൾ എപ്പോൾ നിരത്തിലിറക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ ബസ്സുകൾ ഡിപ്പോകൾക്ക് അലോട്ട് ചെയ്യുമ്പോൾ കണ്ണൂർ ജില്ലയിലെ ഡിപ്പോകൾക്ക് ഓരോന്നിനും എത്ര ബസ്സുകൾ വീതം നൽകാൻ ഉദ്ദേശിക്കുന്നു;

(ഡി) പ്രസ്തുത അലോട്ട്മെന്റിൽ മട്ടന്നൂർ നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്ന വിവിധ ബസ്സ് സർവ്വീസുകൾ ആരംഭിക്കണമെന്ന എം.എൽ.എ. യുടെ നിവേദനം പരിഗണിച്ചു കൊണ്ട് പുതിയ ബസ്സുകൾ അനുവദിച്ചു നൽകുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ക്വാറിയര്‍ ട്രാന്‍സ്പോര്‍ട്ടേഷന്‍</u>

6700 ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അധികവരുമാനം ലക്ഷ്യമിട്ട് കെ.എസ്.ആര്‍.ടി.സി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന ക്വാറിയര്‍ ട്രാന്‍സ്പോര്‍ട്ടേഷന്‍ പദ്ധതിയുടെ പ്രാരംഭ പ്രവര്‍ത്തനങ്ങള്‍ എവിടം വരെയായി;

(ബി) പ്രസ്തുത പദ്ധതി ഈ വര്‍ഷം തന്നെ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രൈവറ്റ് ക്വാറിയര്‍ കമ്പനികളുമായി ചേര്‍ന്നുകൊണ്ടുള്ള പ്രവര്‍ത്തനമാണോ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ഗ്ലോബൽ പൊസിഷ്യനിംഗ് സിസ്റ്റം</u>

6701 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഉൾപ്പെടെയുള്ള ഐ.ടി. അധിഷ്ഠിത സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് യാത്രക്കാർക്ക് കൂടുതൽ ലഭ്യമാകുക;

(സി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; പദ്ധതി നടപ്പാക്കാൻ എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പദ്ധതി നടപ്പാക്കുന്ന കാര്യം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഇ) ഏതെങ്കിലും ഏജൻസികൾ പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ച് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.റ്റി.സിയുടെ ശബരിമല സർവ്വീസുകൾ

6702 **ഡോ. എൻ. ജയരാജ്**
ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.റ്റി.സിയുടെ സർവ്വീസുകൾ ഏതൊക്കെ ഡിപ്പോകളിൽ നിന്നും ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിലേക്ക് എന്തെല്ലാം ക്രമീകരണങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>എറണാകുളത്തിന് സമീപത്തുള്ള ദ്വീപുകളിലെ യാത്രാക്ലേശം</u>

6703 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തിന് സമീപത്തുള്ള ദ്വീപുകളിൽ നിന്ന് പ്രത്യേകിച്ച് വല്ലാർപാടം, മുളവുകാട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് പട്ടണത്തിലേക്കും തിരിച്ചും യാത്രക്ലേശം കുറയ്ക്കുവാൻ കൂടുതൽ ബസ് സർവീസുകൾ അനുവദിക്കുമോ;

(ബി) ഒരു മെട്രോ നഗരമായി വികസിച്ചിരിക്കുന്ന എറണാകുളത്ത് രാത്രികാലങ്ങളിൽ ബസ്സ് സർവ്വീസുകൾ കുറവായതിനാൽ ട്രെയിനിൽ വന്നിറങ്ങുന്നവരുൾപ്പെടെയുള്ള യാത്രക്കാരുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി രാത്രി 9 മണിക്ക് ശേഷം കൂടുതൽ ബസ് സർവീസ് അനുവദിക്കുന്നതിനും രാത്രിസമയത്ത് സർവ്വീസ് നിർത്തിവയ്ക്കുന്ന ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>യാത്രാക്ലേശം പരിഹരിക്കുന്ന നടപടി</u>

6704 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സർവ്വീസ് നടത്താൻ കഴിയാത്ത സാഹചര്യമുള്ള ബസ്സുകളും മിനി ബസ്സുകളും എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം ബസ്സുകളും മിനി ബസ്സുകളും സർവ്വീസ് നടത്തുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

6705

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കൊല്ലംകോണം മുതൽ പുളിയറക്കോണം വരെയുള്ള റൂട്ടിലുള്ള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ നിന്നും നഗരത്തിലെ വികാസ്ഭവൻ, നിയമസഭാ മന്ദിരം, പബ്ലിക് ഓഫീസ്, കോർപ്പറേഷൻ ഓഫീസ്, പബ്ലിക് ലൈബ്രറി തുടങ്ങിയ സുപ്രധാന ഓഫീസുകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് പ്രസ്തുത റൂട്ടിൽ നിലവിലുള്ള ബസ് സർവീസ് പ്രയോജനപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത യാത്രാക്ലേശം പരിഹരിക്കുന്നതിന് പുളിയറക്കോണത്തുനിന്നും പേയാട് വഴി വെള്ളയമ്പലം, ശാസ്തമംഗലം, പാളയം, യൂണിവേഴ്സിറ്റി വരെ വികാസ്ഭവൻ ഡിപ്പോയിൽ നിന്നും ദിവസേന രാവിലെയും വൈകിട്ടും പുതിയ 2 സർവീസുകൾ തുടങ്ങുന്നതിനു അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരണം</u>

6706 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതിന് കാരണം വാഹനപരിശോധന കർശനമായി നടപ്പിലാക്കാൻ മോട്ടോർ വാഹന വകുപ്പിന് ആവശ്യത്തിന് ഫീൽഡ് സ്റ്റാഫ് ഇല്ലാത്തതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനപരിശോധന കർശനമായി നടപ്പാക്കുന്നതിന് വേണ്ടി രൂപീകരിക്കാൻ തീരുമാനിച്ച എൻഫോഴ്സ്മെന്റ് വിംഗിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിൽ ഏതെല്ലാം തസ്തികകളാണ് രൂപീകരിക്കുന്നത്;

(സി) എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിലൂടെ എത്ര കോടി രൂപയുടെ അധികവരുമാനം സർക്കാരിന് ലഭിക്കും;

(ഡി) കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെയും, മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് സ്റ്റാഫുകളുടെയും അനുപാതം എത്രയാണ്?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പാസഞ്ചർ കപ്പാസിറ്റി</u>

6707

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവാഹനങ്ങളിൽ യാത്രക്കാരെ കൊണ്ടുപോകുന്നതിനുള്ള ഓരോ ഇനം വാഹനങ്ങളുടെയും നിശ്ചയിച്ച പാസഞ്ചർ കപ്പാസിറ്റി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള സ്വകാര്യ വാഹനങ്ങൾ നിശ്ചിത എണ്ണത്തിലും കൂടുതൽ കുട്ടികളെ കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ഗതാഗതവകുപ്പും പോലീസും പരിശോധന നടത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് 2011 - ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ നടപടി</u>

6708 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ വാഹനങ്ങളുടെ ടാക്സ് കുടിശ്ശിക, ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ഈടാക്കുന്ന ഫീസിന്റെ കുടിശ്ശിക എന്നിവയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>സര്‍വ്വീസ് അപര്യാപ്തത</u>

6709 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ബസ്സ് യാത്രക്കാരുടെ എണ്ണം വര്‍ദ്ധിച്ചുവരുന്ന സാഹചര്യത്തില്‍ ഇതിനനുസൃതമായ ബസ്സുകള്‍ നിരത്തുകളില്‍ സര്‍വ്വീസ് നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യാനുസരണം കെ.എസ്.ആര്‍.ടി.സി. ബസ്സുകളുടെ സര്‍വ്വീസ് ലഭ്യമാക്കുന്നതിന് നടപടികള്‍ സ്വീകരിയ്ക്കുമോ ;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ഇൻവാലിഡ് മോട്ടോർ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ</u>

T 6710 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ ആളുകൾ ഉപയോഗിക്കുന്ന ഇൻവാലിഡ് മോട്ടോർ വാഹനങ്ങൾക്ക് നൽകിവന്നിരുന്ന രജിസ്ട്രേഷൻ സംവിധാനം നിർത്തിവച്ച സാഹചര്യം നിലവിലുണ്ടോയെന്നും എന്തുകൊണ്ടാണ് ഇതു നിർത്തിവച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഇൻവാലിഡ് മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കുവാൻ താല്പര്യമുള്ള വികലാംഗർക്ക് രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യിൽ 8 വർഷം പൂർത്തിയാക്കിയവർ</u>

6711 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ 8 വർഷം പൂർത്തീകരിച്ച താത്ക്കാലിക ജീവനക്കാരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; പ്രസ്തുത വിഭാഗം ജീവനക്കാരുടെ പേരും തസ്തികകളും അറിയിക്കുമോ ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

സി.ഡി. തുക നൽകുന്നതിന് നടപടി

6712 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നിയമനം ലഭിച്ച എം പാനൽ കണ്ടക്ടർ തസ്തികയിലേക്ക് ജോലി നോക്കുന്നതിന് ഉദ്യോഗാർത്ഥികളിൽ നിന്ന് സി.ഡി. ആയി 5000/- രൂപ കെ.എസ്.ആർ.ടി.സി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ജോലിക്ക് തുക അടച്ചശേഷം ജോലിക്ക് എത്താതിരുന്നവർക്ക്/ജോലിയിൽ നിന്ന് ഒഴിവായവർക്ക് ജോലിക്കായി നൽകിയ സി.ഡി. തുക തിരികെ നൽകേണ്ടതുണ്ടോ ;

(സി) ഇത്തരത്തിൽ തുക തിരികെ ആവശ്യപ്പെട്ട് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട് ;

(ഡി) എങ്കിൽ അത് തിരികെ നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ശാരീരിക ബുദ്ധിമുട്ടുകളും മറ്റ് ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാലും ജോലി ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കേണ്ടി വന്നവർക്ക് അവരുടെ ചികിത്സക്കായിട്ടെങ്കിലും ഉപയോഗിക്കേണ്ട തുക അടിയന്തിരമായി തിരികെ നൽകുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ട്രാൻസ്ഫർ നടപടികളിൽ നിന്ന് പ്രൊട്ടക്ഷൻ</u>

6713 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകൃത യൂണിയനുകളുടെ നേതാക്കൾക്ക് ട്രാൻസ്ഫർ നടപടികളിൽ നിന്ന് പ്രൊട്ടക്ഷൻ നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഓരോ യൂണിറ്റിലും, ചീഫ് ഓഫീസിലും എത്ര പേർക്ക് വീതമാണ് യൂണിയൻ പ്രൊട്ടക്ഷൻ നൽകിയിട്ടുളളത് ;

(സി) തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ഭവനിൽ ചില കക്ഷികളിൽപ്പെട്ടവർക്ക് എന്നെന്നും ട്രാൻസ്ഫർ ഒഴിവാക്കുന്നതിന് അവരെ കാലാകാലങ്ങളിൽ യൂണിയൻ പ്രൊട്ടക്ഷൻ നൽകുന്നവരുടെ പട്ടികയിൽപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്. ആർ.ടി.സി. ചീഫ് ഓഫീസിൽ പ്രൊട്ടക്ഷൻ നല്കിയിട്ടുളളവരുടെ പട്ടികയും ഓരോരുത്തർക്കും എന്നു മുതൽ പ്രൊട്ടക്ഷൻ നല്കിയിട്ടുണ്ട് എന്നതും സംബന്ധിച്ച വിവരം നല്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കണ്ടക്ടര്‍ തസ്തികയില്‍ പ്രൊമോഷന്‍

6714 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.റ്റി.സി.യില്‍ ഒരു കണ്ടക്ടര്‍ക്ക് ഗ്രേഡ് 2, ഗ്രേഡ് 1, സെലക്ഷന്‍ ഗ്രേഡ്, സ്പെഷ്യല്‍ ഗ്രേഡ് എന്നീ തലത്തിലേക്ക് എത്തുന്നതിന് സര്‍വ്വീസ് എന്‍ട്രി മുതല്‍ വേണ്ട സമയക്രമം വ്യക്തമാക്കുമോ;

(ബി) ഇതില്‍ കണ്ടക്ടര്‍ ഗ്രേഡ് 2 ല്‍ നിന്ന് 1-ലേക്കും തുടങ്ങി സെലക്ഷന്‍ ഗ്രേഡ്, സ്പെഷ്യല്‍ ഗ്രേഡ് എന്നിവകളിലേക്കും യഥാക്രമം നിലനില്‍ക്കുന്ന സമയപരിധിയായ 9, 6, 3 വര്‍ഷം എന്നതിന് പകരം ചുരുങ്ങിയ വേതനക്കാരായ പ്രസ്തുത ജീവനക്കാര്‍ക്ക് 7 വര്‍ഷം, 3 വര്‍ഷം, 18 മാസം എന്നീ നിലയ്ക്ക് സമയ പരിധി ചുരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇങ്ങനെ മാറ്റം വരുത്തുന്നത് കൊണ്ട് മാനേജ്മെന്റിന് ഭാരിച്ച ബാധ്യത ഉണ്ടാകുന്നുണ്ടോ: എങ്കില്‍ അധിക ബാധ്യത എത്രത്തോളമുണ്ടാകും; വിശദമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കണ്ടക്ടർമാരുടെ നിരീക്ഷണ കാലം</u>

6715 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏഴ് വർഷക്കാലമായി പി.എസ്.സി.റാങ്ക്ലിസ്റ്റിൽ നിന്നും കണ്ടക്ടർമാരായി ജോലി ചെയ്യുന്ന 912 പേർക്ക് നാളിതുവരെ താല്ക്കാലിക നിയമനം മാത്രം നൽകിയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇവരുടെ പ്രൊബേഷൻ ഇതുവരെ പ്രഖ്യാപിക്കാത്തതിനുള്ള കാരണമെന്ത് ;

(സി) ഇവരുടെ സർവ്വീസ് നിയമ വിധേയമായി നടത്തിയിട്ടുള്ള സാഹചര്യം പരിഗണിച്ച് ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും ഇവർക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. യിലെ കരാര്‍ പണികളിലെ അപാകത

6716 ശ്രീ. സി.പി. മുഹമ്മദ്
,, എ.പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. ഡിപ്പോകളില്‍ നടത്തുന്ന മരാമത്തു പണികളില്‍ അഴിമതി നടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) പല കെ.എസ്.ആര്‍.ടി.സി. ഡിപ്പോകളിലും നടക്കുന്ന ബില്‍ഡിംഗ്, ടാറിംഗ് ഉള്‍പ്പെടെയുള്ള പണികളില്‍ കരാറുകാര്‍ നിലവാരമില്ലാത്ത സാധനങ്ങള്‍ ഉപയോഗിക്കുന്നതുമൂലം കെട്ടിടങ്ങള്‍ മഴക്കാലങ്ങളില്‍ ചോര്‍ന്നൊലിക്കുകയും കേടുപാടുകള്‍ സംഭവിക്കുകയും ഡിപ്പോകളില്‍ കുണ്ടും കുഴിയും രൂപപ്പെടുകയും ചെയ്യുന്നതു കാരണം യാത്രക്കാര്‍ അനുഭവിക്കുന്നത ദുരിതത്തിന് പരിഹാരം കാണാന്‍ നടപടിയെടുക്കുമോ;

(സി) നിലവാരമില്ലാത്തതും ഗുണമേന്‍മ കുറഞ്ഞതുമായ സാധനങ്ങള്‍ ഉപയോഗിക്കുന്ന കരാറുകാരെ ബ്ലാക്ക് ലിസ്റ്റില്‍ പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. കോച്ച് ബിൽഡർ തസ്തിക</u>

6717 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ കോച്ച് ബിൽഡർ തസ്തികയിലേയ്ക്ക് പി.എസ്.സി.അഡ്വൈസ് ലഭിച്ചിട്ടും 2005 മുതൽ നാളിതുവരെ നിയമനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 192 പേർക്ക് അഡ്വൈസ് നൽകിയിട്ട് 110 പേർക്ക് മാത്രം നിയമനം നൽകുകയും ബാക്കി 82 പേർക്ക് നിയമനം ലഭിക്കാതിരിക്കുകയും ചെയ്യുന്നതിൽ ഉളള അപാകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ലിസ്റ്റിൽ ഇനിയും നിയമനം ലഭിക്കുവാനുളളവർക്ക് കൂടി അവരുടെ പ്രായം പരിഗണിച്ച് നിയമനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ

# 01.11.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിൽ വികലാംഗർക്ക് യാത്രാസൗജന്യം കര്യം

6718 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം.എ. വാഹീദ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ വികലാംഗർക്ക് യാത്രാ സൗജന്യം നൽകുന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ 06-12-2003 ലെ ജി.ഒ. (പി) നം.71/2003/എസ്സ്.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം വികലാലംഗർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ് കെ.എസ്.ആർ.ടി.സി. അംഗീകരിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് കെ.എസ്.ആർ. ടി.സി. അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നൽകുന്ന പ്രസ്തുത തിരിച്ചറിയൽ കാർഡ് കെ.എസ്.ആർ.ടി.സി. അംഗീകരിക്കാത്തത് വികലാംഗർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്കുശേഷം വികലാംഗർക്കുള്ള സംസ്ഥാന കമ്മീഷണർ നൽകുന്ന തിരിച്ചറിയൽ കാർഡ് കെ.എസ്.ആർ.ടി.സി. അംഗീകരിച്ച് വികലാംഗർക്ക് യാത്രാ സൗജന്യം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിലെ യാത്രാസൗജന്യം

6719 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ യാത്രാ സൗജന്യം ഏതൊക്കെ വിഭാഗം ജനങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ ;

(ബി) യാത്രാനിരക്ക് കൂട്ടിയശേഷം സ്ഥാപനത്തിന് ഉണ്ടായിട്ടുള്ള ശരാശരി വരുമാന വർദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. എ.സി ബസ്സുകളിൽ പ്രീപെയ്ഡ് സംവിധാനം

6720 ശ്രീ. ലൂഡി ലൂയിസ്
,, പാലോട് രവി
,, സണ്ണി ജോസഫ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ എ.സി. ബസ്സുകൾ അതിരാവിലെയും രാത്രി വൈകിയും ഓപ്പറേറ്റ് ചെയ്യുമ്പോൾ വളരെ കുറച്ച് പേർ മാത്രം യാത്ര ചെയ്യുന്നതിനാൽ പ്രസ്തുത സമയങ്ങളിൽ ബസ് നിരക്കിൽ കുറവ് നൽകി കൂടുതൽ പേരെ ആകർഷിക്കുവാൻ ശ്രമിക്കുമോ ;

(ബി) സ്ഥിരമായി യാത്ര ചെയ്യുന്ന യാത്രക്കാരെ ആകർഷിക്കുവാൻ പ്രീപെയ്ഡ് കാർഡ് സംവിധാനം ഏർപ്പെടുത്തി കെ.എസ്.ആർ.ടി.സി.ക്ക് നിശ്ചിത വരുമാനം ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) തോപ്പുംപടി, തേവര ജംഗ്ഷൻ തുടങ്ങിയ സ്റ്റോപ്പുകളിൽ വരെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ തൊട്ടടുത്ത തിരക്ക് കൂടുതലുള്ള പ്രദേശത്തേക്ക് സർവ്വീസ് നീട്ടി കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

വിദേശികളുടെ വാഹന രജിസ്ട്രേഷൻ

6721 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഉടമസ്ഥാവകാശത്തിലെ ക്രമക്കേട് തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിദേശികളുടെ വാഹനങ്ങളുടെ രജിസ്ട്രേഷൻ ചെയ്യുന്നതിന് എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടയിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വിദേശികളുടെ വാഹനങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>സ്പ്രിംഗ് അസംബ്ലി വാങ്ങിയ കണക്ക്</u>

6722

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം കെ.എസ്.ആർ.ടി.സി. യിൽ സ്പ്രിംഗ് അസംബ്ലി വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ; ഇതിൽ ടാറ്റയുടേത് എത്രയെണ്ണമെന്നും ലൈലന്റിന്റേത് എത്രയെണ്ണമെന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. യുടെ സ്ക്രാപ്പിനുള്ള കാലാവധി എത്രയാണ്; സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യിൽ കാലാവധി കഴിഞ്ഞ ബസ്സുകളുടെ എണ്ണമെത്ര;

(ഡി) നടപ്പുവർഷം കാലാവധി തീരുന്ന എത്ര ബസ്സുകളുണ്ട് ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജ് കേന്ദ്രമാക്കി<br>കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>

6723 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ പ്രധാന ചികിത്സാ കേന്ദ്രമായ പരിയാരം മെഡിക്കൽ കോളേജ് കേന്ദ്രമാക്കി യാത്രക്കാർക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിന് കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ഏഴോം, ചെറുതാഴം, കുഞ്ഞിമംഗലം, രാമന്തളി, എരമം കുറ്റൂർ, ചപ്പാരപ്പടവ്, പയ്യന്നൂർ മുനിസിപ്പാലിറ്റി, തളിപ്പറമ്പ് മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങൾ ബന്ധപ്പെടുത്തിക്കൊണ്ട് കെ.എസ്.ആർ. ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പൊന്നാനിയിൽ പുതിയ ബസ്സുകൾക്ക് പെർമിറ്റ്</u>

6724 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിലെ ഏറെ ജനവാസകേന്ദ്രമായ എം.എൽ.എ. റോഡ് വഴി എത്ര ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് ; ഇവയിൽ എത്ര എണ്ണം നിലവിൽ സർവ്വീസ് നടത്തുന്നുണ്ട് ; വിശദമാക്കാമോ ;

(ബി) മണ്ഡലത്തിലെ ദുർഘട പ്രദേശങ്ങളിലേക്ക് സ്വകാര്യ ബസ്സുകൾക്ക് പുതുതായി പെർമിറ്റ് അനുവദിക്കാൻ കഴിയുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>മണ്ണാർക്കാട് നിന്ന് ബസ് സർവ്വീസ്</u>

6725 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിന്ന് നാട്ടുകൽ - മാണിക്കപ്പറമ്പ് - കരിങ്കല്ലത്താണി വഴി പെരിന്തൽമണ്ണയിലേക്കും - തിരിച്ച് കരിങ്കല്ലത്താണി - മാണിക്കപ്പറമ്പ് - നാട്ടുകൽ വഴി മണ്ണാർക്കാട്ടേയ്ക്കും കെ.എസ്.ആർ.ടി.സി.ബസ്സുകൾ സർവ്വീസ് നടത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി.ബസ്സ് സർവ്വീസുകൾ ആരംഭിക്കണമെന്ന് പറഞ്ഞ് എന്തെങ്കിലും നിവേദനം/കത്ത് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്നുമുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

പുന്നപ്ര സഹകരണ ആശുപത്രിയിലേക്ക് ആലപ്പുഴയിൽ നിന്ന് ബസ് സർവ്വീസ്

6726 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ ആകെ എത്ര ബസ്സുകളാണുള്ളത് ; സർവീസ് നടത്താൻ കഴിയുന്ന എത്ര ബസ്സുകളുണ്ട്

(ബി) ഷെഡ്യൂൾ അനുസരിച്ച് സർവ്വീസ് നടത്താൻ ആലപ്പുഴ ഡിപ്പോയിൽ വേണ്ടത്ര ബസുകളില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആലപ്പുഴ ഡിപ്പോയ്ക്ക് കൂടുതൽ പുതിയ ബസുകൾ നൽകാൻ നടപടി സ്വീകരിയ്ക്കുമോ ;

(ഡി) പുന്നപ്ര സഹകരണ ആശുപത്രിയിലെത്തുന്ന നിർധനരായ രോഗികളുടെ യാത്രാസൗകര്യത്തിനായി ആലപ്പുഴയിൽ നിന്നും പുന്നപ്ര സഹകരണ ആശുപത്രിവഴി പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(ഇ) തീരദേശ റോഡിലൂടെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.ബസ്സുകൾ സഹകരണ ആശുപത്രിയുടെമുന്നിലൂടെ സർവ്വീസ് നടത്താൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. യിലെ ശമ്പള കരാര്‍

6727 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. യിലെ നിലവിലുള്ള ശമ്പള ക്കരാറിന്റെ കാലാവധി എന്നാണ് അവസാനിക്കുക;

(ബി) പ്രസ്തുത ശമ്പളക്കരാര്‍ പുതുക്കുന്നതിനുള്ള ചര്‍ച്ച ആരംഭിച്ചിരുന്നോ;

(സി) നിലവിലുള്ള ശമ്പളക്കരാര്‍ കാലാവധി കഴിഞ്ഞുവെങ്കില്‍ പുതിയ കരാര്‍ പ്രാബല്യത്തില്‍ വരുന്നതു വരെ ജീവനക്കാര്‍ക്ക് ഇടക്കാലാശ്വാസം നല്‍കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ എന്നു മുതല്‍; ഏതു നിരക്കില്‍ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ശമ്പളക്കരാര്‍ പുതുക്കുന്നത് സംബന്ധിച്ച ഏതെല്ലാം യൂണിയനുകളാണ് മെമ്മോറാണ്ടം നല്‍കിയത്; ഓരോ യൂണിയനും നിവേദനം നല്‍കിയ തീയതി വ്യക്തമാക്കുമോ; ഓരോ യൂണിയനും നല്‍കിയ മെമ്മോറാണ്ടത്തിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ബസ് ചാര്‍ജ് വര്‍ദ്ധന

6728 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിട്ടയേര്‍ഡ് ചീഫ് സെക്രട്ടറി രബീന്ദ്രന്‍ നായര്‍ ബസ് ചാര്‍ജ്ജ് വര്‍ദ്ധന സംബന്ധിച്ച് എന്തെങ്കിലും റിപ്പോര്‍ട്ട് നല്‍കിയിരുന്നോ;

(ബി) എങ്കില്‍ എന്നാണ് നല്‍കിയതെന്നും പ്രസ്തുത റിപ്പോര്‍ട്ട് അംഗീകരിച്ചിരുന്നുവോയെന്നും വ്യക്തമാക്കുമോ;

(സി) കാലാകാലങ്ങളില്‍ നിശ്ചയിക്കുന്ന കിലോ മീറ്റര്‍ നിരക്കിനെ സഞ്ചരിക്കുന്ന ദൂരം കൊണ്ട് ഗുണിക്കുമ്പോള്‍ ലഭിക്കുന്നതായിരിക്കണം അതാത് കാലത്തെ ബസ് നിരക്കെന്ന് റിപ്പോര്‍ട്ടില്‍ നിര്‍ദ്ദേശിച്ചിരുന്നോ;

(ഡി) ഇങ്ങിനെ ഒരു നിര്‍ദ്ദേശം ഉണ്ടായിരുന്നെങ്കില്‍ 2011 ഓഗസ്റ്റ് മാസം നടപ്പാക്കിയ ചാര്‍ജ്ജ് വര്‍ദ്ധനയില്‍ പ്രസ്തുത മാനദണ്ഡം പാലിച്ചിട്ടുണ്ടോ; ഇല്ല എങ്കില്‍ എന്ത് കൊണ്ട്;

(ഇ) രബീന്ദ്രന്‍ നായര്‍ നിര്‍ദ്ദേശിച്ച മാനദണ്ഡം മാറ്റാന്‍ എന്നാണ് തീരുമാനം എടുത്തത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ഓട്ടോറിക്ഷക്കാർ അമിത ചാർജ്ജ് ഈടാക്കുന്നത് തടയാൻ നടപടി</u>

6729 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ യാത്രക്കാരിൽ നിന്നും ഓട്ടോറിക്ഷക്കാർ അമിത ചാർജ്ജ് ഈടാക്കുന്നതും യാത്രയ്ക്ക് വിളിച്ചാൽ വിസമ്മതിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അവസ്ഥ മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ;

(ബി) യാത്രയ്ക്ക് വിളിച്ചാൽ നിർത്താതെ പോകുകയും, ചില യിടങ്ങളിലേക്ക് പേകാതിരിക്കുകയും, അമിത ചാർജ്ജ് ഈടാക്കുകയും ചെയ്യുന്ന ഓട്ടോറിക്ഷാ ഡ്രൈവർമാർക്കെതിരെ പരാതി സമർപ്പിക്കേണ്ടത് ആർക്കാണ്; ഇത്തരം പരാതികൾക്ക് ഒരു 'ഉടൻ പരാതി പരിഹാര സെൽ' രൂപീകരിക്കുമോ; ഇപ്രകാരമുള്ള സെല്ലിൽ ഫോൺ മുഖേന ലഭിക്കുന്ന പരാതികളിൽ അടിയന്തിരമായി നടപടിയെടുക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ഇൻഫോപാർക്കിലേയ്ക്ക് യാത്രാസൗകര്യം</u>

6730 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ വ്യവസായ വികസന കേന്ദ്രമായ പള്ളിപ്പുറത്ത് ഇൻഫോ പാർക്ക് അടക്കമുള്ള കേന്ദ്രത്തിലേയ്ക്കുള്ള യാത്രാ ബുദ്ധിമുട്ടുകൾ പരിഗണിച്ച് എറണാകുളത്തു നിന്ന് രാവിലെയും വൈകുന്നേരവും ബസ് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ചേർത്തല ഡിപ്പോയിൽ നിന്നും രാത്രി 8 മണിക്കു ശേഷം രാത്രി 10 മണി വരെ അരുക്കുറ്റിക്ക് ബസ് സർവ്വീസ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അരൂക്കുറ്റിക്ക് രാത്രി 8.30 നും 9.30 നും കാട്ടുപുറം പള്ളി വഴി ഓരോ ബസ് സർവ്വീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കണ്ണൂരിൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ</u>

6731 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ ഒന്നിനുശേഷം ഇതുവരെയായി കെ.എസ്.ആർ.ടി.സി. കണ്ണൂർ ജില്ലയിൽ പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ കണ്ണൂർ ജില്ലയിൽ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേക്ക് കൂടുതൽ ബസ്സുകൾ അനുവദിച്ചുനൽകിയെന്നും ഓരോ ഡിപ്പോയിലേക്കും എത്ര ബസ്സുകൾ വീതം നൽകിയെന്നും വ്യക്തമാക്കുമോ;

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. തന്ന നിവേദനങ്ങളിൻമേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കോഴിക്കോട്, പാലക്കാട് ഭാഗത്തേക്ക് ബസ് സർവ്വീസ്</u>

6732 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ വാങ്ങാനുദ്ദേശിക്കുന്നുവെന്നും കേന്ദ്രത്തിൽ നിന്നും എത്ര ബസ്സുകൾ ലഭിക്കാൻസാദ്ധ്യതയുണ്ടെന്നും അറിയിക്കുമോ;

(ബി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്കും പാലക്കാട് ഭാഗത്തേക്കും പുതിയ എ.സി. ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>അവധി ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ</u>

6733 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവധിദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് കെ.എസ്. ആർ.ടി.സി.യും ചില സ്വകാര്യബസ്സുകളും കൺസഷൻ നിഷേധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര കിലോമീറ്റർ ദൂരമാണ് ഒരു വിദ്യാർത്ഥിക്ക് ബസ് കൺസഷൻ ലഭിക്കുക; ദൂരപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) അവധി ദിവസങ്ങളിൽ ബസ്കൺസഷൻ നിഷേധിക്കുന്നതുകൊണ്ട് റ്റ്യൂഷൻ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലാസ്സുകൾ, സ്വാതന്ത്ര്യദിനപരിപാടി എന്നിവയിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവധിദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യിലും സ്വകാര്യബസ്സുകളിലും ബസ് കൺസഷൻ അനുവദിക്കാൻ ഉത്തരവ് നൽകുമോ; ഈ രീതിയിൽ കൺസഷൻ നൽകാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; . വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ബസുകളുടെ ട്രിപ്പ് ക്രമീകരണം</u>

6734 ശ്രീ.എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ-തിരുവനന്തപുരം സർവീസുകൾ പീച്ചി ഡാം വരെ നീട്ടി പുന:ക്രമീകരിക്കുമോ;

(ബി) തൃശൂർ-പീച്ചി ലോഫ്ളോർ നോൺ എ.സി/എ.സി ബസ് സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>വൈപ്പിൻകരയിൽ രാത്രികാല സർവ്വീസുകൾ</u>

6735 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിൽ രാത്രികാല സർവ്വീസുകൾ നടത്തുന്ന ബസ്സുകൾ കൃത്യമായി ഓടാത്തതു മൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ .

(ബി) രാത്രി 9 മണിക്കു ശേഷം വൈപ്പിൻ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ പേരും നമ്പരും പ്രധാന ഇടങ്ങളിൽ പ്രദർശിപ്പിക്കുവാനും കൃത്യമായി മോണിറ്ററിങ്ങ് നടത്തുവാനും നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കൃഷ്ണൻ നായരുടെ ദുരൂഹമരണം സംബന്ധിച്ച കേസന്വേഷണം</u>

6736 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1991-1995 കാലയളവിൽ സംസ്ഥാന ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രിയായിരുന്നത് ആരായിരുന്നെന്ന് അറിയിക്കുമോ ;

(ബി) അന്നത്തെ കെ.എസ്.ആർ.ടി.സി. എം.ഡി യുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കൃഷ്ണൻ നായരുടെ ദുരൂഹ മരണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടന്നിരുന്നോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ;

(സി) പ്രസ്തുത മരണവുമായി ബന്ധപ്പെട്ട് അന്നത്തെ വകുപ്പുമന്ത്രിയുടെ ഇടപെടൽ മുലം കേസ് അട്ടിമറിക്കപ്പെട്ടുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേസ് സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന അഭിപ്രായത്തെ സർക്കാർ നിരാകരിച്ചത് എന്തുകൊണ്ടാണ് ;

(ഇ) ഈ കേസ് സി.ബി.ഐ. യെക്കൊണ്ട് പുനരന്വേഷണം നടത്തണമെന്ന് ആവശ്യം ഇപ്പോഴും ഉയർന്നുവരുന്നതിനാൽ അനുകൂലമായി തീരുമാനം കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ക്ഷേത്രങ്ങളുടെ സുരക്ഷ</u>

6737 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേത്രങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്;

(ബി) നിലവിൽ ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് സുരക്ഷാക്രമീകരണങ്ങൾഏർപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ശബരിമല ശുചീകരണ പദ്ധതി</u>

6738 ശ്രീ. കെ. ശിവദാസൻ നായർ
'' ഡൊമിനിക് പ്രസന്റേഷൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ശുചീകരണത്തിനായി ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(ബി) ശുചീകരണത്തിനായി ബൃഹത് പദ്ധതിയ്ക്ക് കേന്ദ്ര സഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(സി) ഇതിന് സംസ്ഥാനത്തും ദേശീയ തലത്തിലുമുള്ള വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ശബരിമല സീസൺ ഒരുക്കങ്ങൾ</u>

6739 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. രാജു എബ്രഹാം
,, ജി. സുധാകരൻ
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസൺ ആരംഭിക്കുന്നതിന് മുന്നോടിയായി എന്തെല്ലാം ഒരുക്കങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതനുസരിച്ചുളള പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ശബരിമലയിലെ ഗതാഗത പാരിസ്ഥിതിക സുരക്ഷാ കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ശബരിമല ഇടത്താവള സൗകര്യങ്ങൾ</u>

6740 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്തുവരുന്ന ശബരിമല സീസണിൽ ഭക്തജനങ്ങൾക്ക് ഇടത്താവളങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

(ബി) ശബരിമല ഇടത്താവളങ്ങളിൽ ഭക്തജനങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

ശബരിമല ഇടത്താവളങ്ങളിലെ സൗകര്യങ്ങൾ

6741 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള ഇടത്താവളങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇടത്താവളങ്ങളിലെ മാലിന്യ സംസ്കരണം ഫലപ്രദമാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ;

(സി) ഇവിടെ തീർത്ഥാടകർക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>തീർത്ഥാടനത്തിന് മുന്നോടിയായി നടത്തിയ അവലോകന യോഗങ്ങൾ</u>

6742 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിന് മുന്നോടിയായി എത്ര അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത യോഗങ്ങൾ ചേർന്ന തീയതികൾ അറിയിക്കുമോ ;

(സി) പ്രസ്തുത യോഗങ്ങളിൽ എടുത്ത പ്രധാന തീരുമാനങ്ങളും അവയുടെ തുടർനടപടികളും വ്യക്തമാക്കുമോ ;

(ഡി) തീർത്ഥാടത്തിന് മുന്നോടിയായി പമ്പയിലും സന്നിധാനത്തും നടത്തുന്ന പ്രധാന നിർമ്മാണ പ്രവർത്തനങ്ങളും അതിന്റെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മലബാർ ദേവസ്വം ബോർഡിൽ അന്യാധീനപ്പെട്ട ക്ഷേത്ര സ്വത്തുക്കൾ</u>

6743 ശ്രീ. ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട ക്ഷേത്ര സ്വത്തുക്കൾ വീണ്ടെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുളളത്;

(സി) കയ്യേറ്റക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുവാൻ സമ്മതമാണ് എന്ന് കാണിച്ചുകൊണ്ട് മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് റവന്യൂ അധികാരികൾക്ക് കത്ത് എഴുതിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം ഒരു കത്തെഴുതുവാൻ മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിന് അധികാരം ഉണ്ടോ;

(ഇ) പ്രസിഡന്റിന്റെ പ്രസ്തുത നിലപാട് നിയമാനുസൃതമാണോ, സർക്കാരിന്റെ നയങ്ങൾക്ക് അനുസൃതമാണോ;

(എഫ്) മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രസ്തുത അധികാര ദുർവിനിയോഗത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ജി) പ്രസിഡന്റിന്റെ നിയമവിരുദ്ധമായ പ്രവർത്തികളെകുറിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിന്റെ മരാമത്ത് ജോലികള്‍</u>

6744 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിന്റെ മരാമത്തു ജോലികള്‍ സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, നവീകരണം മുതലായവയ്ക്കായി ഇക്കൊല്ലം വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; പ്രവൃത്തികള്‍ ഏതെല്ലാം; ഓരോന്നിന്റെയും പുരോഗതി ഇവ അറിയിക്കുമോ;

(സി) കല്യാണമണ്ഡപങ്ങള്‍, ക്ഷേത്രക്കുളങ്ങള്‍, ചുറ്റുമതിലുകള്‍ മുതലായവയ്ക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികള്‍ എന്തൊക്കെയാണ്;

(ഡി) ഇടത്താവളങ്ങളുടെ വിപുലീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) ടെണ്ടര്‍ നടപടികളുടെ കാലതാമസം ഒഴിവാക്കാന്‍ നടപടി സ്വീകരിക്കുമോ;

(എഫ്) എന്‍ജിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുവാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ദേവസ്വം ബോർഡിന്റെ വരുമാനം

6745 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വംബോർഡിനു 2006-2010 കാലയളവിൽ എന്തു മാത്രം വരുമാനമാണ് ലഭിച്ചത് ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ എന്തു ചെലവാണുണ്ടായതെന്ന് വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഏറ്റവുമധികം വരുമാനം ലഭിക്കുന്ന ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലം ഏതാണ് ; ഏറ്റവും കുറഞ്ഞ വരുമാനം ലഭിക്കുന്ന അമ്പലം ഏതാണ് ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>വൈക്കം മഹാദേവക്ഷേത്രത്തിലെ സുരക്ഷാക്രമീകരണങ്ങൾ</u>

6746 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കത്തഷ്ടമിയും ശബരിമല സീസണും പ്രമാണിച്ച് വൈക്കം മഹാദേവക്ഷേത്രത്തിൽ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് പരന്ന തീവ്രവാദ അക്രമ ഭീഷണിയിൽ വൈക്കം മഹാദേവക്ഷേത്രം ഉൾപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ദേവസ്വം ബോർഡിന് എന്തെങ്കിലും അറിവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തരവകുപ്പുമായി ചേർന്ന് സുരക്ഷാസംവിധാനങ്ങൾ ഒരുക്കുമോ;

(സി) ക്ഷേത്രത്തിനുള്ളിൽ സ്ഥിരമായി സുരക്ഷ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>പടനിലം ക്ഷേത്രം</u>

6747 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടനിലം ക്ഷേത്രത്തെ ശബരിമല ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; ഇടത്താവളം എന്ന രൂപത്തിൽ ആവശ്യമായ ഗ്രാന്റ് ക്ഷേത്രത്തിന് കിട്ടുന്നുണ്ടോ;

(ബി) മണ്ഡലകാലവുമായി ബന്ധപ്പെട്ട് എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ പടനിലത്ത് ഒരുക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>അഭിമന്യൂ ക്ഷേത്രം</u>

6748 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭിമന്യൂവിന്റെ നാമധേയത്തിലുള്ള ഒരു ക്ഷേത്രം കുറ്റ്യാടി ഗ്രാമപ്പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ക്ഷേത്രം പരിപാലിക്കുന്നതിന് ദേവസ്വം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?